നവകേരള സദസ് -പികെഡി 4-01/2023 തിയ്യതി -12/02/2024

പ്രേഷിതൻ

ശ്രീ.ഹരേഷ് കെ.ഡി

ഇന്റേണൽ വിജിലൻസ് ഓഫീസര്

തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.

സ്വീകർത്താവ്,

സെക്രട്ടറി

കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ത.സ്വ.ഭ.വ-പാലക്കാട് ജില്ല-നവകേരള സദസ്-സ്ഥിരം സമിതി അദാലത്ത്-ഉപജില്ലാ സമിതി 4 (PKD4)- കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്- കെട്ടിട നിർമ്മാണ പെർമിറ്റ് -അദാലത്ത് തീരുമാനം അറിയിക്കുന്നത് സംബന്ധിച്ച്.

സൂചന: 1. നവകേരള സദസ് ഡോക്കറ്റ് നം. BPPKD4088000009

2. സ്ഥിരം സമിതി അദാലത്ത്-ഉപജില്ലാ സമിതി 4 (PKD4)ന്റെ 03.02.2024 തീയതിയിലെ ഓൺലൈന് മീറ്റിംഗ് തീരുമാനം.

3.കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 02.02.2024 തീയതിയിലെ 400822/BADC01/GPO/2024/761/(1) നമ്പർ റിപ്പോർട്ട്.

ശ്രീ.കെ.കെ.ചാക്കോ & ശ്രീമതി.സൂസി ചാക്കോ എന്നവരുടെ കെട്ടിട നമ്പർ അപേക്ഷയിൽ അംഗീകൃത പ്ലാനിൽ ഉൾപ്പെട്ട പ്ലോട്ടിന്റെ ഭാഗം മറ്റൊരു വ്യക്തിക്ക് കൈമാറ്റം ചെയ്തിട്ടുള്ളതിനാൽ കെട്ടിട നിർമ്മാണ പെർമിറ്റ് അസാധുവായെന്നും കെട്ടിട നമ്പർ ലഭിക്കുന്നതിനായി കെട്ടിട നിർമ്മാണം റഗുലറൈസ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് അറിയിച്ച് അപേക്ഷകന് കത്ത് നൽകിയതായി സൂചന 3 പ്രകാരം താങ്കൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് യോഗം അംഗീകരിച്ചു. അംഗീകൃത പ്ലാനിൽ ഉൾപ്പെട്ട പ്ലോട്ടിന്റെ ഭാഗം മറ്റേതെങ്കിലും വ്യക്തിക്ക് കൈമാറുകയോ വിൽക്കുകയോ ചെയ്താൽ അനുവദിച്ച പെർമിറ്റ് അസാധുവാകുന്നതാണെന്ന് KPBR 2019 Rule 15(11), 19(5) ൽ നിഷ്കർഷിച്ചിട്ടുള്ളതിനാൽ ടി കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

ഹരേഷ് കെ ഡി

ഇന്റേണൽ വിജിലൻസ് ഓഫീസർ

INTERNAL VIGILANCE OFFICER
O/o. JOINT DIRECTOR, LSGD,
PALAKKAD

പകർപ്പ് -.കെ.കെ.ചാക്കോ & ശ്രീമതി.സൂസി ചാക്കോ,കല്ലുവെട്ടുകുഴി ഹൗസ്, കോരഞ്ചിറ, വാൽക്കുളമ്പ് -678684